ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.05.2025**

## പ്രധാനവാർത്തകൾ

1.) **പഹൽഗാം ഭീകരാക്രമണത്തിന് ഓപ്പറേഷൻ സിന്ദൂറിലൂടെ ശക്തമായ തിരിച്ചടി നൽകി ഇന്ത്യ; ഭീകര ക്യാമ്പുകളെ മാത്രമേ ആക്രമിച്ചിട്ടുള്ളൂവെന്നും ഉത്തരവാദിത്തപരമായ മറുപടിയാണ് ഇന്ത്യൻ സൈന്യം നല്കിയതെന്നും കേന്ദ്ര സർക്കാർ.**

2.) **ഓപ്പറേഷൻ സിന്ദൂറിൽ തകർന്നത് പാകിസ്ഥാൻ പാക് അധീന ജമ്മു കാശ്മീർ എന്നിവിടങ്ങളിലെ ഒൻപത് തീവ്രവാദ കേന്ദ്രങ്ങൾ; ഓപ്പറേഷൻ തത്സമയം നീരിക്ഷിച്ച് പ്രധാനമന്ത്രി; സുരക്ഷാകാര്യ മന്ത്രിസഭ സമിതി ഇന്ന് യോഗം ചേരും.**

RNU TVPM

3.) **ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ ശ്രീനഗർ, ലേ ഉൾപ്പെടെയുള്ള വിമാനത്താവളങ്ങൾ അടച്ചു; അതിർത്തി സംസ്ഥാനങ്ങളിൽ കനത്ത ജാഗ്രത.**

4.) **ഭീകരർക്ക് എതിരെ പ്രത്യാക്രമണം നടത്തിയ ഇന്ത്യൻ സേനയെ അഭിനന്ദിച്ച് രാജ്യം; സേനയുടെ ശക്തിയിൽ അഭിമാനമുണ്ടെന്ന് കേന്ദ്രമന്ത്രിമാരും പ്രതിപക്ഷവും.**

5.) **സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും ഇന്ന് മോക്ഡ്രിൽ സംഘടിപ്പിക്കും; കേരളത്തിൽ വൈകിട്ട് നാലിന് മോക് ഡ്രിൽ നടത്തും; പൊതുജനങ്ങൾ സഹകരിക്കണമെന്നും പരിഭ്രാന്തരാകരുതെന്നും നിർദ്ദേശം.**

6.) വിശ്വപ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന് ഇന്ന് സമാപനം.

7.) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

****************************************************************************

## സംയുക്ത വാർത്താ സമ്മേളനം (ഇൻട്രോ)

പഹൽഗാം ഭീകരാക്രമണത്തിന് ഓപ്പറേഷൻ സിന്ദൂറിലൂടെ ശക്തമായ തിരിച്ചടി നൽകി ഇന്ത്യ. കാശ്മീരിലെയും ഇന്ത്യയിലെയും സമാധാനം തകർക്കാനുള്ള ശ്രമമാണ് നടന്നതെന്നും അതിന് ഉത്തരവാദിത്തപരവും ഉചിതവുമായ മറുപടിയാണ് ഇന്ത്യൻ സൈന്യം നൽകിയതെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. വിദേശകാര്യ മന്ത്രാലയവും സൈന്യവും ന്യൂഡൽഹിയിൽ നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

**(VOICE)**

പഹൽഗാം ഭീകരാക്രമണത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ പാകിസ്ഥാനും തീവ്രവാദികളുമായുള്ള ബന്ധം വ്യക്തമായതായി വിദേശകാര്യ സെക്രട്ടറി പറഞ്ഞു. ഇന്ത്യയ്ക്കെതിരെ കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് രഹസ്യാന്വേഷണ ഏജൻസികൾ സൂചന നൽകിയതായും അവ തടയേണ്ടത് അനിവാര്യമായിരുന്നെന്നും അദ്ദേഹം വ്യക്തമാക്കി. ഭീകരാക്രമണത്തിനെതിരെ നടപടി എടുക്കുന്നതിന് പകരം തീവ്രവാദികളെ സഹായിക്കുകയും തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുകയുമാണ് പാകിസ്ഥാൻ ചെയ്തതെന്ന് വിക്രം മിസ്രി പറഞ്ഞു. കേണൽ സൊഫീയ ഖുറേശി, വിങ് കമ്മാൻഡർ വ്യോമിക സിംഗ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. കൃത്യമായ ഇൻറലിജൻസ് വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ആക്രമണം നടത്തിയതെന്നും സാധാരണ ജനങ്ങളെ ലക്ഷ്യം വച്ചിട്ടില്ലെന്നും

RNU TVPM

സൈന്യം വ്യക്തമാക്കി.

(**VOICE**)

പുലർച്ചെ 1.05 നും 1.30 നും ഇടയിൽ ഒൻപത് തീവ്രവാദ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടായിരുന്നു ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായുള്ള ആക്രമണം. മുസാഫറാബാദിലെ സവായ്നാല, സെയ്ദിനാ ബിലാൽ, കോട്‌ലിയിലെ ഗുൽപൂർ, അബ്ബാസ്, ബിംബറിലെ ബർണാല, തുടങ്ങിയ കേന്ദ്രങ്ങളിലാണ് സൈനിക ആക്രമണം നടന്നത്. നിയന്ത്രണരേഖയിൽ നിന്ന് 30 കിലോമീറ്റർ അകലെയുള്ള ലഷ്കർ ഇ തൊയ്ബയുടെയും 100 കിലോമീറ്റർ അകലെയുള്ള ജെയ്ഷെ മുഹമ്മദിന്റെയും ഭീകര ക്യാമ്പുകളാണ് ആക്രമിച്ചത്. പഹൽഗാം ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ച TRF , ലഷ്കറിന്റെ പോഷക സംഘടനയാണ്.

PNU TVPM

**************************************************************

## ഓപ്പറേഷൻ സിന്ദൂർ-ഇന്ത്യ

പാകിസ്ഥാൻ, പാക് അധീന ജമ്മു കാശ്മീർ എന്നിവിടങ്ങളിലെ ഒൻപത് തീവ്രവാദ കേന്ദ്രങ്ങളിലാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ ആക്രമണം നടത്തിയത്. പാകിസ്ഥാൻ സൈനിക കേന്ദ്രങ്ങളൊന്നും ലക്ഷ്യമിട്ടിട്ടില്ലെന്ന് സൈന്യം വ്യക്തമാക്കി. നീതി നടപ്പാക്കിയതായി ഇന്ത്യൻ കരസേന സമൂഹ മാധ്യമത്തിൽ കുറിച്ചു. 25 ഇന്ത്യക്കാരും ഒരു നേപ്പാളി പൗരനും ഉൾപ്പെടെ 26 പേരാണ് പഹൽഗാം ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

**************************************************************

## പി.എം - സിന്ദൂർ

ഓപ്പറേഷൻ സിന്ദൂർ പ്രധാനമന്ത്രി നരേന്ദ്രമോദി തത്സമയം നിരീക്ഷിച്ചു. അതേസമയം, പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് സുരക്ഷാകാര്യ മന്ത്രിസഭ സമിതി യോഗം ചേരും.

**************************************************************************

## ജമ്മു-കശ്മീർ - സ്ഥിതിഗതികൾ

ഓപ്പറേഷൻ സിന്ദൂരിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ അതിർത്തി മേഖലകളിൽ കനത്ത ജാഗ്രത. ശ്രീനഗർ വിമാനത്താവളം അടച്ചതായി വ്യോമസേന അറിയിച്ചു. ശ്രീനഗറിലേയ്ക്കുള്ള എല്ലാ വിമാന സർവ്വീസുകളും റദ്ദാക്കി. ബാരാമുള്ള, കുപ് വാര തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചു. നിയന്ത്രണ രേഖയ്ക്ക് സമീപം പാകിസ്ഥാൻ സേന വെടിവെയ്പും ഷെല്ലാക്രമണവും നടത്തിയതായും ആക്രമണത്തിൽ മൂന്നുപേർ കൊല്ലപ്പെട്ടതായും പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു. സൈന്യം ശക്തമായി തിരിച്ചടിക്കുകയാണ്. അതിർത്തികളിലെ എല്ലാ വ്യോമ പ്രതിരോധ യൂണിറ്റുകളും സജീവമാക്കിയിട്ടുണ്ടെന്നും പ്രതിരോധ വൃത്തങ്ങൾ അറിയിച്ചു.

RNU TVPM

**************************************************************************

## വിമാനത്താവളങ്ങൾ അടച്ചു

ശ്രീനഗറിന് പുറമെ ധർമശാല, ലേ, ജമ്മു, അമൃത്സർ തുടങ്ങിയ വിമാനത്താവളങ്ങൾ അടച്ചു. ഈ സാഹചര്യത്തിൽ വിമാനസർസീവുകൾ മാറ്റിവച്ചതായി എയർ ഇന്ത്യ, ഇൻഡിഗോ ഉൾപ്പെടെയുള്ള വിമാനകമ്പനികൾ അറിയിച്ചു. മെയ് 10 വരെയുള്ള ജമ്മു, ശ്രീനഗർ, ലേ, ജോധ്പൂർ, അമൃത്സർ, ഭുജ്, ജാംനഗർ, ചണ്ഡീഗഡ്, രാജ്കോട്ട് എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും റദ്ദാക്കിയതായി എയർ ഇന്ത്യ അറിയിച്ചു. അമൃത്സറിലേക്കുള്ള രണ്ട് അന്താരാഷ്ട്ര വിമാനങ്ങൾ ഡൽഹിയിലേക്ക് തിരിച്ചുവിടുന്നതായും എയർ ഇന്ത്യ വ്യക്തമാക്കി. നിലവിലെ സാഹചര്യത്തിൽ ശ്രീനഗർ, ജമ്മു, അമൃത്സർ, ലേ, ചണ്ഡീഗഢ്, ധർമ്മശാല, ബിക്കാനീർ എന്നിവിടങ്ങളിലേക്കുള്ള വിമാന സർവീസുകളെ ബാധിക്കുമെന്ന്

ഇൻഡിഗോ എയർലൈൻസ് അറിയിച്ചു. വിമാനസർവീസുകൾ തടസ്സപ്പെടുമെന്ന് സ്പൈസ് ജെറ്റും അറിയിപ്പ് നൽകിയിട്ടുണ്ട്.

*****************************************************************

## ഓപ്പറേഷൻ സിന്ദൂർ - പ്രതികരണം

ഓപ്പറേഷൻ സിന്ദൂറിന് പിന്നാലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ മൺസൂഖ് മാണ്ഡവ്യ, പിയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ്, ജ്യോതിരാദിത്യ സിന്ധ്യ തുടങ്ങിയവർ സമുഹമാധ്യമങ്ങളിലൂടെ അഭിവാദ്യമർപ്പിച്ചു.

*****************************************************************

## ആരതി -പ്രതികരണം (ഇൻട്രോ)

RNUTVPM

ഇന്ത്യൻ സൈന്യത്തെ ഓർത്ത് അഭിമാനമെന്നും ഇത്തരം ഒരു തിരിച്ചടി നടത്തിയതിൽ ആശ്വാസമെന്നും പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ഇടപ്പള്ളി സ്വദേശി രാമചന്ദ്രൻറെ മകൾ ആരതി പ്രതികരിച്ചു.

(ഹോൾഡ് -വോയിസ്)

*****************************************************************

## സിന്ദൂർ - പ്രതിപക്ഷം

ഓപ്പറേഷൻ സിന്ദൂർ നടപ്പിലാക്കിയ ഇന്ത്യൻ സേനയെ അഭിനന്ദിച്ച് പ്രതിപക്ഷം. സൈന്യത്തിന് എല്ലാവിധ പിന്തുണയും അറിയിക്കുന്നതായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യൻ സേനയെ ഓർത്ത് അഭിമാനിക്കുന്നതായി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

*****************************************************************

## എ.കെ.ആൻറണി (ഇൻട്രോ)

രാജ്യത്തെ സേനയുടെ ശക്തിയിൽ അഭിമാനമുണ്ടെന്ന് മുൻ രാജ്യരക്ഷാ മന്ത്രിയും കോൺഗ്രസ് നേതാവുമായ എ.കെ.ആന്റണി. ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ ലോകരാഷ്ട്രങ്ങൾ ഇന്ത്യയ്ക്കൊപ്പമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് - വോയിസ്)

**********************************************************************

## സിന്ദൂർ-മുഖ്യമന്ത്രിമാർ

ഓപ്പറേഷൻ സിന്ധൂരിനെ അഭിനന്ദിച്ച് വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും. തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ, ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി, സിക്കിം മുഖ്യമന്ത്രി പ്രേം സിങ് തമാങ് എന്നിവർ ഓപ്പറേഷൻ സിന്ധൂരിന് അഭിവാദ്യം അറിയിച്ചു. സമാജ് വാദ് പാർട്ടി നേതാവ് അഖിലേഷ് യാദവ്, ആർജെഡി നേതാവ് തേജസ്വി യാദവ്, ബിജെഡി അധ്യക്ഷൻ നവീൻ പട്നായിക് എന്നിവരും ആം ആദ്മി കൺവീനർ അരവിന്ദ് കേജ്രിവാളും ഇന്ത്യൻ സേനയുടെ ധീരതയെ പ്രശംസിച്ചു. ജെഡിയു ഉൾപ്പെടെ മറ്റ് പാർട്ടി നേതാക്കളും ഇന്ത്യൻ സേനയെക്കുറിച്ച് അഭിമാനിക്കുന്നതായി പ്രതികരിച്ചു.

RNU TVPM

**********************************************************************

## എയർമാർഷൽ (ഇൻട്രോ)

പാക്കിസ്ഥാനിൽ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറിൽ ഭീകര കേന്ദ്രങ്ങൾക്ക് നേരെയാണ് ഇന്ത്യ ആക്രമണം നടത്തിയതെന്നും സാധാരണക്കാരെയും സൈനികരെയും ഇന്ത്യ ലക്ഷ്യമിട്ടിട്ടില്ലെന്നും റിട്ടയർഡ് എയർമാർഷൽ വിപിൻ. തീർച്ചയായും നീതികരിക്കാവുന്ന പ്രത്യാക്രമണമാണ് ഇന്ത്യ നടത്തിയതെന്നും, ഇന്ത്യ എല്ലായ്പോഴും ഉത്തരവാദിത്ത ബോധത്തോടെ

പ്രവർത്തിക്കുന്ന രാജ്യമാണെന്നും അദ്ദേഹം ആകാശവാണി വാർത്തകളോട് പറഞ്ഞു. (ഹോൾഡ്)

*********************************************************************

## ട്രംപ് -പാക്

പാകിസ്ഥാനിലെയും പാക് അധീന കശ്മീരിലെയും ഭീകര ക്യാമ്പുകളിൽ ഇന്ത്യ നടത്തിയ വ്യോമാക്രമണങ്ങളിൽ പ്രതികരണമറിയിച്ച് യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് . ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം ഉടൻ അവസാനിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. അതേസമയം, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി സംസാരിച്ചു. ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ

റൂബിയോ പറഞ്ഞു.

RNU TVPM

*********************************************************************

## അൻറോണിയോ ഗുട്ടെറെസ്

പാക്കിസ്ഥാനിലെ ഭീകര കേന്ദ്രങ്ങളിലേക്ക് ഇന്ത്യ നടത്തിയ സൈനിക നടപടിക്ക് പിന്നാലെ പ്രതികരണവുമായി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ്. ഇരു രാജ്യങ്ങളും പരമാവധി സംമയനം പാലിക്കണമെന്നും സെക്രട്ടറി ജനറലിന്റെ വക്താവ് സ്റ്റെഫാൻ ഡുജാറിക് അഭിപ്രായപ്പെട്ടു.

*********************************************************************

## വി.ഡി. സതീശൻ

പഹൽഗാം ഭീകരാക്രമണത്തിൽ തിരിച്ചടിച്ച ഇന്ത്യൻ സൈന്യത്തെ അഭിവാദ്യം ചെയ്യുന്നതായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. ദേശസ്നേഹമുള്ള എല്ലാവരും ഇന്ത്യൻ സൈന്യത്തോടൊപ്പം നിലകൊള്ളുമെന്നും പ്രതിപക്ഷ നേതാവ് തിരുവനന്തപുരത്ത് പറഞ്ഞു.

*************************************************************

## രാജീവ് ചന്ദ്രശേഖർ

ഓപ്പറേഷൻ സിന്ദൂർ നടത്തിയ സൈനികർക്ക് നന്ദി അറിയിച്ച് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. നിരപരാധികൾക്ക് നീതി കിട്ടിയെന്നും അദ്ദേഹം പ്രതികരിച്ചു.

RNU TVPM

*************************************************************

## ഫാക്ട് ചെക്ക്

ശ്രീനഗർ വ്യോമതാവളം ലക്ഷ്യമിട്ട് പാക് വ്യോമസേന ആക്രമണം നടത്തിയെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ വ്യാജമെന്ന് കേന്ദ്രസർക്കാർ. 2024 ൽ പാകിസ്ഥാനിലെ ഖൈബർ പഖ് തൂൺഖ്വയിൽ നടന്ന സംഘർഷ ദൃശ്യങ്ങളാണ് ശ്രീനഗർ വ്യോമതാവളത്തിലെ ആക്രമണമെന്നുള്ള പേരിൽ പ്രചരിക്കുന്നത്. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗം ഇത് സ്ഥിരീകരിച്ചിട്ടുണ്ട്.

*************************************************************

## പഞ്ചാബ് -ബി.എസ്.എഫ്

'ഓപ്പറേഷൻ സിന്ദൂറിന്റെ ഭാഗമായി പാക് അധിനിവേശ കശ്മീരിലെ തീവ്രവാദ കേന്ദ്രങ്ങളിൽ ഇന്ത്യൻ സൈന്യം ആക്രമണം

നടത്തിയതിനെത്തുടർന്ന്, പഞ്ചാബിലെ അതിർത്തി മേഖലകളിൽ സുരക്ഷ വർധിപ്പിച്ച് അതിർത്തി രക്ഷാ സേന. ഏത് സാഹചര്യത്തെയും നേരിടാൻ ബിഎസ്എഫ് സജ്ജമായിരിക്കുകയാണ്. പാകിസ്ഥാനുമായി പഞ്ചാബ് 553 കിലോമീറ്റർ നീളമുള്ള അതിർത്തി പങ്കിടുന്നുണ്ട്.

*************************************************************

## മോക് ഡ്രിൽ

രാജ്യത്തെ സിവിൽ ഡിഫൻസ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിനായി സംസ്ഥാനങ്ങളിൽ ഇന്ന് മോക്ക് ഡ്രിൽ സംഘടിപ്പിക്കും. വ്യോമാക്രമണ മുന്നറിയിപ്പ് സംവിധാനം, വ്യോമസേനയുമായുള്ള റേഡിയോ കമ്യൂണിക്കേഷൻ, കൺട്രോൾ റൂമുകളുടെ പ്രവർത്തനം എന്നിവ മോക്ക് ഡ്രില്ലിലൂടെ വിലയിരുത്തും. രാജ്യത്തെ വിവിധ ജില്ലകളിൽ ഗ്രാമീണ തലങ്ങളിലാണ് ഡ്രിൽ സംഘടിപ്പിക്കുന്നത്. ആക്രമണ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ നടപടികളെക്കുറിച്ച് ജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ബോധവത്കരണം നൽകും.

RIUTVPM

*************************************************************

## മോക് ഡ്രിൽ -2

ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദേശ പ്രകാരം കേരളത്തിൽ എല്ലാ ജില്ലകളിലും ഇന്ന് മോക്ഡ്രിൽ നടക്കും. വൈകിട്ട് നാലിനാണ് മോക്ഡ്രില്ലുകൾ ആരംഭിക്കുക. വൈകുന്നേരം 4 മണി മുതൽ 30 സെക്കൻഡ് സയറൺ 3 വട്ടം നീട്ടി ശബ്ദിക്കും. 4.28 മുതൽ സുരക്ഷിതം എന്ന സയറൺ 30 സെക്കൻഡ് മുഴങ്ങും. ജനങ്ങൾ പരിഭ്രമിക്കേണ്ടതില്ലെന്നും തയ്യാറെടുപ്പിനുള്ള ഒരു പരിശീലനമാണ് നടക്കുന്നതെന്നും അധികൃതർ അറിയിച്ചു. മോക്ക് ഡ്രില്ലുമായി ബന്ധപ്പെട്ട നിർദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. റസിഡന്റ്സ് അസോസിയേഷനുകളും

പഞ്ചായത്തുകളും മോക്ക് ഡ്രിൽ വാർഡന്മാരെ നിയോഗിക്കണം. സ്കൂളുകളിലും, ബേസ്മെന്റുകളിലും, കമ്മ്യൂണിറ്റി ഹാളുകളിലും മറ്റ് പ്രധാന ഇടങ്ങളിലും പ്രഥമശുശ്രൂഷ കിറ്റുകൾ തയ്യാറാക്കണം. മോക്ക് ഡ്രിൽ സമയത്ത് സൈറൻ മുഴങ്ങുമ്പോൾ എല്ലാ ലൈറ്റുകളും ഓഫ് ആക്കേണ്ടതും, അടിയന്തിരമായി വെളിച്ചം ഉപയോഗിക്കേണ്ട സാഹചര്യത്തിൽ വീടുകളിൽ നിന്ന് വെളിച്ചം പുറത്തു പോകാതിരിക്കാൻ ജനാലകളിൽ കട്ടിയുള്ള കാർഡ് ബോർഡുകളോ കർട്ടനുകളോ ഉപയോഗിക്കേണ്ടതുമാണ്. ജനാലകളുടെ സമീപം മൊബൈൽ ഫോണുകളോ പ്രകാശം പുറപ്പെടുവിക്കുന്ന ഉപകരണങ്ങളോ ഉപയോഗിക്കരുത്. ദീർഘമായ സൈറൻ, മുന്നറിയിപ്പും, ചെറിയ സൈറൻ സുരക്ഷിതമാണെന്ന അറിയിപ്പുമാണ്. തീപിടുത്തം ഒഴിവാക്കാൻ ബ്ലാക്ക് ഔട്ട് സൈറൺ കേൾക്കുമ്പോൾ തന്നെ ഗ്യാസ്/വൈദ്യുത ഉപകരണങ്ങൾ ഓഫ് ചെയ്യണം. ബ്ലാക്ക് ഔട്ട് സമയത്ത് കുട്ടികളുടെയും വളർത്തുമൃഗങ്ങളുടെയും സുരക്ഷ പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

***********************************************************************

## ദുരന്ത നിവാരണ അതോറിറ്റി

PRD TVPM

മോക്ഡ്രിലിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും സയറണുകൾ മാധ്യമങ്ങൾ പ്രാദേശികമായി ലൈവ് ടെലികാസ്റ്റ് ചെയ്യണം എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി. വൈകിട്ട് 4 മണിക്കും, 4.30 നും ഇടയിൽ സ്പെഷ്യൽ ക്ലാസ്, ട്യൂഷൻ സെന്റർ, കായിക വിനോദ ക്ലാസുകൾ എന്നിവയിൽ പഠിക്കുന്ന കുട്ടികൾ അതാത് സ്ഥാപനങ്ങൾക്ക് ഉള്ളിൽ തന്നെ തുടരണം എന്ന് കെ എസ് ഡി എം എ നിർദേശം നൽകി.

***********************************************************************

## തൃശൂർ പൂരം ( ഇൻട്രോ)

വിശ്വപ്രസിദ്ധമായ തൃശ്ശൂർ പൂരത്തിന് ഇന്ന് സമാപനം.

പൂരപ്രേമികളെ നെറുകയിൽ എത്തിച്ച് തൃശ്ശൂർ പൂരത്തിന്റെ താളമേള വർണ്ണ വിസ്മയങ്ങൾക്ക് തിരശ്ശീല വീഴുകയായി.

വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി **ഭരിത പ്രതാപ്.....**

(വോയിസ്)

***************************************************************

## <u>തൃശൂർ പൂരം-ആന വിരണ്ടു</u>

തൃശൂർ പൂരം രാത്രി എഴുന്നള്ളിപ്പിനിടെ ആന വിരണ്ടോടി. തുടർന്നുണ്ടായ തിക്കിലും തിരക്കിലും 42 പേർക്ക് പരിക്കേറ്റു. ഇവരിൽ നാലു പേരെ തൃശൂർ മെഡിക്കൽ കോളേജിലും 38 പേരെ തൃശൂർ ജില്ലാ ആശുപത്രിയിലും പ്രവേശിപ്പിച്ചു. സ്വരാജ് റൗണ്ടിൽ നിന്ന് MG റോഡിലൂടെ വിരണ്ടോടിയ ഊട്ടോളി രാമൻ എന്ന ആനയെ എലിഫന്റ് സ്ക്വാഡ് നിയന്ത്രണ വിധേയമാക്കി.

RNU TVPM

***************************************************************

## <u>ഐ.പി.എൽ</u>

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം.

***************************************************************

## <u>പാലക്കാട് -പോലീസ് സുരക്ഷ</u>

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സുരക്ഷ മുൻകരുതലിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ഡാമുകളിൽ പോലീസ് സുരക്ഷ

ഏർപ്പെടുത്തി. മലമ്പുഴ, വാളയാർ, കാഞ്ഞിരപ്പുഴ ഉൾപ്പെടെയുള്ള ഡാമുകളിലാണ് പോലീസിനെ വിന്യസിച്ചിട്ടുള്ളത്.

****************************************************************************************************
*************************************************************************

RNU TVPM